# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4364 — 17.12.2014-ൽ മറുപടിക്ക്

## ജെറിയാട്രിക് ക്ലിനിക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ജെറിയാട്രിക് ക്ലിനിക്ക് പ്രവർത്തനത്തിനായി എത്ര രൂപയാണ് ഇതിനോടകം ലഭിച്ചത് എന്നും വിനിയോഗിച്ചത് എന്നും പറയാമോ ; ഇതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ ; | (എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ വാർഡ് പ്രവർത്തന യോഗ്യമാക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 94,973/- രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ചേർത്തല താലൂക്ക് ആശുപത്രിയിലെ ജെറിയാട്രിക് ക്ലിനിക്ക് പ്രവർത്തിക്കുന്നതെവിടെയാണെന്നും അതിന്റെ ചുമതലയുള്ള ജീവനക്കാർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ? | (ബി) ചേർത്തല താലൂക്ക് ആശുപത്രിയിലെ ജെറിയാട്രിക് ക്ലിനിക്ക് എല്ലാ മാസങ്ങളിലും രണ്ടാം ശനിയാഴ്ച ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 1 മണി വരെ പ്രവർത്തിച്ചു വരുന്നു. ഡോ. ജോസഫ് ജോസഫ്, ജൂനിയർ കൺസൾട്ടന്റിനെ ഈ ക്ലിനിക്കിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നു. ഇതിനായി പ്രത്യേക രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. ആശുപത്രിയിൽ പഴയ കാഷ്വാലിറ്റി പ്രവർത്തിച്ചിരുന്ന ജൂബിലി ബ്ലോക്ക് കെട്ടിടത്തിൽ സാന്ത്വന പരിചരണ വിഭാഗം പ്രവർത്തിക്കുന്നതിന്റെ തൊട്ടടുത്ത മുറിയാണ് ജെറിയാട്രിക് ക്ലിനിക്കായി പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ